# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **07.01.2023** മുതൽ **11.01.2023** വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്



| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 02/2023 | തീയ്യതി: 06/01/2023 |
|---|---|



### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.2 – 35.8 | 22.3 – 23.3 | 60.1 – 71.0 | 4.0 – 8.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 07-01-2023 | 08-01-2023 | 09-01-2023 | 10-01-2023 | 11-01-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 35 | 34 | 34 | 34 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 72 | 72 | 72 | 72 | 72 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 5 | 5 | 5 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 250 | 250 | 270 |
| മേഘ വിന്യാസം, ഒക്ടാ | 2 | 2 | 4 | 3 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| | **മഴയില്ല**** | | |
| **പൊതു നിർദ്ദേശങ്ങൾ** | മഴയില്ല.പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും (34°C) രാത്രികളിൽ കുറഞ്ഞ താപനിലയും(23°C) അനുഭവപ്പെടും.<br><br>ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും(50% നും 76% നും ഇടയിൽ). | | |
| **പൊതു നിർദ്ദേശങ്ങൾ** | അന്തരീക്ഷ ആർദ്ര അധികരിക്കുന്നതിനാൽ വിളകളിൽ ചീച്ചൽ, വാട്ടം എന്നിവയ്ക്ക് ഹേതുവായ പൂഷൽ രോഗങ്ങൾ അധികരിക്കും.<br><br>വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കുക<br><br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. | | |

| | | | |
|---|---|---|---|
| നെല്ല് | വിവിധ ഘട്ടം | വാട്ടം  | ഫ്യൂജിയോൺ (@2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ നാറ്റിവോ (@ 5 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി  | ആക്രമണം പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ മാത്രമേ ആക്രമണ വിധേയമായ തെങ്ങുകളെ സംരക്ഷിക്കാം സാധിക്കുകയുള്ളൂ.തിരിയോലകളും മധ്യനിരയിലുള്ള ഓലകളും മഞ്ഞളിക്കുകയാണെങ്കിൽ നിർബന്ധമായും സൂക്ഷ്മനിരീക്ഷണം നടത്തണം.തെങ്ങോല തടിയോട് ചേരുന്ന ഭാഗത്തു തുറന്ന ദ്വാരം പ്രത്യക്ഷപ്പെടുക,കീടത്തിന്റെ ജൈവാ-വശിഷ്ടങ്ങൾ,സമാധി,ദശ എന്നിവ തെങ്ങിന്റെ ഓലക്കവിളുകളിലും തടത്തിലിൻ കാണുകയാണെങ്കിൽ ആക്രമണം ഉള്ളതായി ഉറപ്പിക്കാം.<br>നിയന്ത്രണ മാർഗങ്ങൾ:- സ്പിനോസാഡ് നേർപ്പിച്ച് (4മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തടിയിലെ തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക. അതോടൊപ്പം തെങ്ങുകളുടെ മുകളിലത്തെ രണ്ടും മൂന്നും ഒലക്കവിളുകളിലും ഇതേ ലായനി ഒഴിക്കുക. തോട്ടങ്ങളിൽ സമ്പുർണ ശുചിത്വം അവലംബിക്കുക. |
| കുരുമുളക് | വിവിധ ഘട്ടങ്ങൾ | **വേരിലെ മീലി മുട്ടകൾ**: മൂപ്പെത്തിയ ഇലകൾ കടും മഞ്ഞ നിറത്തിലാവുകയാണ് ബാഹ്യ ലക്ഷണം. തടത്തിലെ മണ്ണ് നീക്കിയാൽ മീലി മുട്ടകൾ വേരിൽ പറ്റിപ്പിടിച്ചിരിക്കുന്ന-തായി കാണാം.   | തടത്തിലെ മണ്ണ് നീക്കിയതിനു ശേഷം തടത്തിൽ ക്ലോർപൈറിഫോസ് കീനാശിനി (രണ്ടു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) കുതിർക്കുകയോ അല്ലെങ്കിൽ വള്ളി ഒന്നിന് മുപ്പതു ഗ്രാം വീതം ഫിപ്റോണിൽ തരികൾ വിതറുകയോ ചെയ്യുക. |
| കശുമാവ് | പുതുതായി നട്ട തൈകൾ | തേയില കൊതുകും അനുബന്ധ പൂപ്പൽ രോഗങ്ങളും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>തളിരിന്റെ അഗ്രഭാഗങ്ങൾ ചീഞ്ഞു കാണുന്നുവെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം മാലത്തിയോൺ രണ്ടു മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |

| | | | |
|---|---|---|---|
| തക്കാളി | വിവിധ ഘട്ടം | തക്കാളി വാട്ടം  | ബാവിസ്റ്റിൻ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തയാറാക്കി തളിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | പൊടി പൂപ്പൽ രോഗം  | മുൻ കരുതലായി "മാങ്കോസെബ്" 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ "ലൈറ സൾഫർ " 3 ഗ്രാം. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..<br>രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>+<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40$m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| വെള്ളരി വർഗ വിളകൾ | വിവിധ ഘട്ടം | വെള്ളരി വർഗ്ഗവിളകളിൽ വൈറസ് രോഗം  | രോഗം വന്ന ചെടികൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക.<br>രോഗം പരത്തുന്ന കീടങ്ങളെ നശിപ്പിക്കാനായി ഡൈഫെൻതയുറോൺ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക. |
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ  | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യൂഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| വെണ്ട | വിവിധ ഘട്ടം | തുള്ളൻ  | തയാമെതോക്സാം 2 ഗ്രാം/ 10ലിറ്റർ എന്ന തോതിൽ തളിക്കുക. |
| പച്ചമുളക് | വിവിധ ഘട്ടം | മണ്ഡരി, ഇലപ്പേൻ എന്നീ നീരൂറ്റി കുടിക്കുന്ന കീടങ്ങൾ  | 'സ്പൈറോമെസിഫെൻ' കീടനാശിനി ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ തയ്യാറാക്കി തളിക്കുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| താക്കീത് (ഉടൻ നടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾ ആവശ്യമില്ല) |
|---|---|---|---|

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി